**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2685** **13-12-2022 - ൽ മറുപടിയ്ക്ക്**

**റബ്ബറിന്റെ താങ്ങുവില പുതുക്കി നിശ്ചയിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റബ്ബറിന്റെ വില ഇടിയുന്ന സാഹചര്യത്തിൽ റബ്ബർ കർഷകരെ സഹായിക്കാൻ റബ്ബറിന്റെ താങ്ങുവില പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനം പ്രകാരം കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില റബ്ബറിന്റെ ഉൽപാദന ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് 2021 ഏപ്രിൽ 1 മുതൽ കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില തുടർന്നും ഉയർത്തുന്നതിന് കേന്ദ്ര സഹായം ആവശ്യമാണ്. താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പരിഗണിച്ചിട്ടില്ല. |
| (ബി) | റബ്ബറിന്റെ താങ്ങുവില ഉല്പന്നങ്ങൾക്ക് ആനുപാതികമായി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനം പ്രകാരം കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില റബ്ബറിന്റെ ഉൽപാദന ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് 2021 ഏപ്രിൽ 1 മുതൽ കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില തുടർന്നും ഉയർത്തുന്നതിന് കേന്ദ്ര സഹായം ആവശ്യമാണ്. താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പരിഗണിച്ചിട്ടില്ല. |
| (സി) | റബ്ബറിന്റെ വില ഇടിയാതെ പിടിച്ചുനിർത്താൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70% ലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ "Make in India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും റബ്ബറിന് താങ്ങുവില ഏർപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര |

| | | | | |
|---|---|---|---|---|
| | | | | വാണിജ്യ വ്യവസായ വകുപ്പ് മന്ത്രിയ്ക്ക് കത്തയച്ചിരുന്നു.<br><br>ഇന്ത്യയിലെ ചണ്ടി റബ്ബർ (Cup Lum rubber) ഇറക്കുമതി ചെയ്യുന്നതിന് നിലവിലുള്ള നിരോധനം തുടരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു.കേരള സംസ്ഥാന കൃഷി വകുപ്പ് മന്ത്രി കേന്ദ്ര കോമേഴ്സ് & ഇൻഡസ്ട്രി മന്ത്രിയ്ക്ക് കത്തയച്ചിരുന്നു. എല്ലാ തരത്തിലുള്ള ഇറക്കുമതിയും കർഷകനെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിയിലുള്ള നിയന്ത്രണങ്ങൾ തുടരണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.<br><br>കൂടാതെ, റബ്ബർ ഇറക്കുമതി പരിമിതപ്പെടു-ത്തണമെന്നും സ്വാഭാവിക റബ്ബർ,ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019-ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും ദേശീയ തലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹി-പ്പിക്കുന്നതിനും മറ്റ് നിർമ്മാണ പ്രവർത്തികളിൽ റബ്ബർ വുഡ്ഡിന്റേയും റബ്ബർ അനുബന്ധ ഉൽപ്പന്നങ്ങളുടേയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്തയച്ചിരുന്നു. |

സെക്ഷൻ ഓഫീസർ